(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (1101) 1998-99-ലെ മത്സ്യ ലഭ്യത

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-99-ൽ സംസ്ഥാനത്ത് കടലിൽ നിന്നും പിടിച്ച മത്സ്യം എത്ര മെട്രിക് ടൺ വരും എന്ന് വ്യക്തമാക്കുമോ;

(ബി) ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ കടലിൽനിന്നും ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന മത്സ്യ സമ്പത്ത് എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) 1998-99-ലെ കണക്ക് തിട്ടപ്പെടുത്തിക്കഴിഞ്ഞില്ല.

(സി) 5.50 ലക്ഷം മെട്രിക് ടൺ

2 (1102) കടലിനടിയിലെ മത്സ്യേതര വിഭവങ്ങൾ

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സമുദ്രഭാഗത്തെ മത്സ്യേതര വിഭവങ്ങളെ സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്താൻ ഏതെങ്കിലും സമിതിയോ സംസ്ഥാന സർക്കാർ നേരിട്ടോ അന്തർദേശീയ ഏജൻസികളുമായി സഹകരിച്ചോ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഔഷധ പ്രാധാന്യമുള്ള വസ്തുക്കൾ കടലിനടിയിൽ ലഭ്യമാകുന്നു എന്ന കണ്ടുപിടിത്തങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കടലിനടിയിലെ അമൂല്യ വസ്തുക്കൾ മറ്റു വികസിത രാജ്യങ്ങൾ കൊള്ളയടിക്കാനുള്ള സാദ്ധ്യത കണക്കിലെടുത്ത് ഈ ഭീഷണി നേരിടുന്നതിന് സംസ്ഥാന ഗവൺമെന്റ് ഏതെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ)&(ബി) ഇതു സംബന്ധിച്ചുള്ള ഗവേഷണപഠനങ്ങൾ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണസ്ഥാപനത്തിൽ നടന്നുവരുന്നു.

(സി) ഇപ്രകാരമുള്ള എന്തെങ്കിലും സാദ്ധ്യതകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

3 (1103) ട്രോളിംഗ് നിരോധനം

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷം ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിരുന്നത് എത്ര ദിവസത്തേയ്ക്കായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly